"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.പ്രശാന്ത്.പി.കെ, സീനിയർ ക്ലാർക്ക് ഫയൽ ചെയ്ത OA-2461/2019- മേലുള്ള 06.12.2019 -ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.803/2020/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 29.04.2020.**

പരാമർശം:
1) ഗ്രാമവികസന കമ്മീഷണറുടെ 27.11.2019 ലെ 2317/ എസ്റ്റാ.സി3/2019/ സിആർഡി നമ്പർ നടപടിക്രമം.
2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-2461/2019-മേലുള്ള 06.12.2019 -ലെ അന്തിമ ഉത്തരവ്.
3) 25.01.2020- ലെ 2317/ എസ്റ്റാ.സി3/2019/ സിആർഡി നമ്പർ ഉത്തരവ്.
4) ഗ്രാമവികസന കമ്മീഷണറുടെ 29.01.2020 ലെ 18839/ എസ്റ്റാ.സി3/2019/ സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ ക്ലാർക്കായിരുന്ന ശ്രീ.പ്രശാന്ത്.പി.കെ-യെ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി എറണാകുളം ജില്ലയിലേക്ക് സ്ഥലം മാറ്റിയും ടിയാനെക്കാളും ജൂനിയറായ ശ്രീ.സൈജു ഒ.എസ്-നെ മലപ്പുറം ജില്ലയിൽ നിലനിർത്തികൊണ്ടും പരാമർശം (1) പ്രകാരം ഗ്രാമവികസന കമ്മീഷണർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. പ്രശാന്ത്.പി.കെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA-2461/2019 നമ്പർ പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത OA യിന്മേലുള്ള 6/12/2019 ലെ വിധിന്യായത്തിൽ അപേക്ഷകനെയും തിരൂർ ബ്ലോക്ക് ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.സൈജു ഒ.എസ്.-നെയും നേരിൽ കേൾക്കാൻ അവസരം നൽകി ടി അപേക്ഷയിന്മേൽ അനുയോജ്യമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശം നൽകികൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കേസ് തീർപ്പാക്കിയിരുന്നു.

ഗ്രാമവികസന വകുപ്പ് രൂപീകൃതമായ കാലം മുതൽ നാളിതുവരെ ജില്ലാതലങ്ങളിൽ ക്ലാർക്കുമാരുടെയും സീനിയർ ക്ലാർക്കുമാരുടെയും എണ്ണം 1 :1 എന്ന അനുപാതത്തിൽ ക്രമീകരിക്കപ്പെട്ടിട്ടില്ലായെന്നും ക്ലാർക്ക് തസ്തികയിൽ നിയമനം നടക്കുന്നത് ജില്ലാ തലങ്ങളിൽ ആണെങ്കിലും ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി നിർണ്ണയിക്കപ്പെടുന്നത് സംസ്ഥാനതലത്തിൽ ഒരു യൂണിറ്റായി പരിഗണിച്ചിട്ടാകയാൽ സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ പരിഗണിച്ച് അർഹരായ ക്ലാർക്കുമാരെ സീനിയർ

ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകി അതാത് ജില്ലകളിൽ തന്നെ തുടരുവാൻ അനുവദിക്കുന്ന രീതിയാണ് ഇതുവരെ ഗ്രാമവികസന വകുപ്പിൽ തുടർന്നുവന്നതെന്നും അതുകൊണ്ടുതന്നെ വിവിധ ജില്ലകളിൽ ക്ലാർക്കുമാരുടെയും സീനിയർ ക്ലാർക്കുമാരുടെയും ചേർന്നുള്ള ആകെ എണ്ണം അനുവദിക്കപ്പെട്ട തോതിൽ മാറ്റമില്ലാതെ തുടരുമ്പോഴും ക്ലാർക്ക് - സീനിയർ ക്ലാർക്കുമാരുടെ അനുവദനീയമായ എണ്ണം 1 :1 എന്ന അനുപാതത്തിൽ ക്രമീകരിക്കപ്പെട്ടിരുന്നില്ലായെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ വിവിധ ജില്ലകളിൽ ക്ലാർക്ക് തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിന് സാധിക്കുന്ന വിധത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ചില ജില്ലാ ഓഫീസുകളിൽ തടസ്സം നേരിട്ടിട്ടുള്ളത് വ്യാപകമായ പരാതിക്ക് ഇടയാക്കിയിരുന്നുവെന്നും ഈ സാഹചര്യത്തിലാണ് മേൽ ഉത്തരവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച അപേക്ഷകൻ ഉൾപ്പെടെയുള്ള ഏതാനും പേരെ ഒഴിവുള്ള ജില്ലകളിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചതെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മലപ്പുറം ജില്ലയിലെ ക്ലാർക്ക്-സീനിയർ ക്ലാർക്കുമാരുടെ ആകെ എണ്ണം 56 ആണ്. മേൽ സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് മലപ്പുറം ജില്ലയിൽ 28 ക്ലാർക്കുമാരും 28 സീനിയർ ക്ലാർക്കുമാരുമായി അനുപാതം 1 :1 എന്ന തോതിൽ ക്രമീകരിക്കപ്പെട്ടിരുന്നു. മേൽ ഉത്തരവിലെ മലപ്പുറം ജില്ലയിലുള്ള ക്രമ നം.8, 17, 18, 27, 28 എന്നീ അഞ്ച് പേർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ ക്രമ നം.17, 18, 27 എന്നീ ജീവനക്കാരെ എറണാകുളം ജില്ലയിലെ സീനിയർ ക്ലാർക്കുമാരുടെ ഒഴിവുകളിൽ നിയമിക്കപ്പെടുന്നതിനായി എറണാകുളം ജില്ലയ്ക്ക് അനുവദിച്ച് നൽകിയിരുന്നു. ക്രമ നം.8, 28 എന്നിവരെ മലപ്പുറം ജില്ലയിൽ തന്നെ തുടരുവാനും അനുവദിച്ചു. ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലംമാറ്റപ്പെട്ട അപേക്ഷകൻ ഉൾപ്പെടെ മൂന്നുപേരും ക്രമ നം.28 ആയ ശ്രീ.സൈജു ഒ.എസ്.-നേക്കാൾ സീനിയർ ആയവരാണ്. സ്ഥലംമാറ്റം അനുവദിക്കുന്ന സന്ദർഭത്തിൽ സ്വന്തം ജില്ലയായ തിരുവനന്തപുരത്തേയ്ക്ക് സ്ഥലംമാറ്റത്തിനായി ശ്രീ.സൈജു ഒ.എസ്. അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും, അന്ന് തിരുവനന്തപുരം ജില്ലയിൽ ഒഴിവ് നിലവിലില്ലാതിരുന്നതിനാൽ ടിയാനെ താല്ക്കാലികമായി മലപ്പുറത്ത് തുടരുവാൻ അനുവദിക്കുകയാണ് ചെയ്തത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ ഹെഡ് ക്വാർട്ടേഴ്സിൽ ഉണ്ടായ ഒഴിവിലേയ്ക്ക് ശ്രീ.സൈജു വിനെ സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഒഴിവ് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ താല്ക്കാലികമായി മാത്രമാണ് ശ്രീ.സൈജു.ഒ.എസ്. (4 ാം എതിർകക്ഷി)-നെ മലപ്പുറം ജില്ലയിൽ നിലനിർത്തിയത് എന്നതിനാലും നിലവിൽ ടിയാനെ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റിയിട്ടുള്ളതുകൊണ്ടും സർവ്വീസിൽ ജൂനിയറായവരെ നിലനിർത്തി സീനിയറായ അപേക്ഷകനെ ജില്ലയ്ക്ക് പുറത്ത് സ്ഥലംമാറ്റി നിയമിച്ചുവെന്ന അപേക്ഷകന്റെ വാദം നിലനിൽക്കുന്നതല്ലായെന്നും പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബഹു:ട്രൈബ്യൂണലിന്റെ പരാമർശം(2) ലെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10.03.2020 ന് ഡെപ്യൂട്ടി സെക്രട്ടറി അപേക്ഷകനെ നേരിൽ കേട്ടു. പ്രമേഹബാധിതനായി കാൽപാദം മുറിച്ചുകളഞ്ഞ കിടപ്പുരോഗിയായ പിതാവിനെ സംരക്ഷിക്കേണ്ടതുള്ളതിനാൽ മലപ്പുറം ജില്ലയിൽതന്നെ തുടരാൻ അനുവദിക്കണമെന്നും

അല്ലെങ്കിൽ തൊട്ടടുത്ത കോഴിക്കോട്,തൃശ്ശൂർ,പാലക്കാട് എന്നീ ജില്ലകളിലേതിലെങ്കിലും നിയമനം നൽകണമെന്നും ടിയാൻ അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പ്രശാന്ത് പി.കെ.-യെ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി എറണാകുളം ജില്ലയിൽ നിയമിച്ചിട്ടും ടിയാൻ വിടുതൽ ചെയ്യാത്തതിനാൽ ക്ലാർക്ക് തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിക്കുന്നില്ലെന്ന ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (4) ലെ റിപ്പോർട്ട് പരിഗണിച്ച് അടിയന്തരമായി എറണാകുളം ജില്ലയിൽ ജോലിയ്ക്ക് ഹാജരാകാൻ ശ്രീ.പ്രശാന്ത് പി.കെയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ടും കിടപ്പുരോഗിയായ പിതാവിനെ സംരക്ഷിക്കേണ്ടതുണ്ടെന്ന ടിയാന്റെ കുടുംബപശ്ചാത്തലം പരിഗണിച്ച് മലപ്പുറം,കോഴിക്കോട്,തൃശ്ശൂർ,പാലക്കാട് എന്നീ ജില്ലകളിലേതിലെങ്കിലും ആദ്യമുണ്ടാകുന്ന ഒഴിവിൽ ടിയാന് നിയമനം നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

ശ്രീ. പ്രശാന്ത് പി.കെ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA-2461/2019 ലെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പ്രീത.കെ.എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.പ്രശാന്ത് പി.കെ, സീനിയർ ക്ലാർക്ക്, പ്രശാന്ത് നിലയം, ആയിക്കരപടി പോസ്റ്റ്, മലപ്പുറം - 673637
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ശ്രീ.സൈജു ഒ.എസ്, സീനിയർ ക്ലാർക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ